# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1661 10.02.2020 ൽ മറുപടിക്ക്

## സാംസ്കാരികസംഘടനയ്ക്കായി സ്ഥലം വിട്ടുനൽകുന്നതിനുള്ള അനുമതി

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | സംഗീതസംവിധായകൻ ശ്രീ.എം.കെ.അർജ്ജുനൻ മാസ്റ്റർ നേതൃത്വം നൽകുന്ന പശ്ചിമകൊച്ചി യിലെ ആശ എന്ന സാംസ്കാരിക സംഘടനയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് കൊച്ചി കോർപ്പറേഷൻ വക മൂന്നുസെന്റ് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ചുള്ള 143/ആർസി4/2018/എൽഎസ്ജിഡി നമ്പർ ഫയലിൽ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | ഇല്ല. |
| ബി | ഇല്ലെങ്കിൽ പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസത്തി നുള്ള കാരണമെന്തെന്നും എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | കൊച്ചി പള്ളുരുത്തി മേഖലയിൽ പ്രവർത്തിക്കുന്ന സംഗീത സംവിധായകൻ ശ്രീ. എം. കെ. അർജ്ജുനൻ മാസ്റ്റർ രക്ഷാധികാരിയായിട്ടുള്ള ആശ (AASA) എന്ന സാംസ്കാരിക സംഘടനയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന്, കൊച്ചി നഗരസഭയിലെ 19-ാം ഡിവിഷനിൽ ഗവൺമെന്റ് ഹോസ്പിറ്റലിന് എതിർവശത്തായി സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിന്നും 3 സെന്റ് സ്ഥലം പ്രതിവർഷം 5000/- രൂപ നിരക്കിൽ മൂന്ന് വർഷത്തേയ്ക്ക് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പാട്ടത്തിന് അനുവദിക്കുന്നതിന് കൊച്ചി മുൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടുകയുണ്ടായി.<br>ടി വിഷയത്തിന്മേൽ നിയമ വകുപ്പ് 26/11/2019 ന് നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ബി.റ്റി.ആർ. പ്രകാരം ഭൂമി പുറമ്പോക്ക് "ട്രെഡ്ജിംഗ് ഗ്രൗണ്ട് " എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത ഭൂമി |

| | | |
|---|---|---|
| | | നഗരസഭ ആർജ്ജിച്ചതാണോ അതോ നഗരസഭയിൽ നിക്ഷിപ്തമായതാണോ എന്നതിൽ വ്യക്തത വരുത്തി നൽകുവാൻ കൊച്ചി നഗരസഭ സെക്രട്ടറിയോട് 18/12/2019 ലെ കത്തു മുഖേന ആവശ്യപ്പെട്ടിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**